**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **17-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം എടുക്കുന്ന വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം എടുക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. പ്രസ്തുത വായ്പ പരിധിയ്ക്ക് ഉപരിയായി സംസ്ഥാനം അധിക വായ്പയെടുക്കുകയാണെങ്കിൽ ആ തുക തുടർന്ന് വരുന്ന വർഷത്തെ വായ്പ പരിധിയിൽ കുറവ് വരുത്തുന്നതാണ്. സംസ്ഥാനം വായ്പ പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത പക്ഷം വായ്പയെടുക്കാത്ത തുക തുടർന്ന് വരുന്ന വർഷത്തിലെ വായ്പാപരിധിയിൽ ചേർത്ത് വായ്പയെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണ്. കോവിഡ് -19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പപരിധി ജി.എസ്.ഡി.പിയുടെ 3 ശതമാനത്തിൽ നിന്നും ജി.എസ്.ഡി.പിയുടെ 4 ശതമാനമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധനചെലവിനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെയാണ് 0.50 ശതമാനം വായ്പ അനുവദിച്ചിട്ടുള്ളത്. കൂടാതെ ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പിയുടെ 0.50 ശതമാനം അധിക വായ്പയും 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. |
| (ബി) | സംസ്ഥാനം എടുക്കുന്ന വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, തിരിച്ചടവ് രീതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലിക്വിഡിറ്റി മാനേജ്മെന്റിന്റെ ഭാഗമായി പൊതുവിപണിയിൽ നിന്നാണ് പ്രധാനമായും വായ്പ എടുക്കുന്നത്. അത്തരം വായ്പകളുടെ Maturity Period വിവിധ ഘടകങ്ങൾ പരിഗണിച്ച് ധനവകുപ്പ് തന്നെയാണ് തീരുമാനിക്കുന്നത്. പലിശ നിരക്ക് |

| | | | |
|---|---|---|---|
| | | | Market Based Price Discovery സമ്പ്രദായത്തിലൂടെയാണ് നിശ്ചയിക്കുന്നത്. ഇത് കൂടാതെ NSSF – ൽ നിന്നെടുക്കുന്ന വായ്പകളുടെ തിരിച്ചടവ് കാലാകാലങ്ങളിൽ Government of India നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമാണ്. ഇതിനെല്ലാമുപരിയായി റിസർവ്വ് ബാങ്കിൽ നിന്നും വെയ്സ് ആന്റ് മീൻസ് അഡ്വാൻസുകളും സർക്കാർ എടുക്കാറുണ്ട്. ടി മുൻകൂറുകൾ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമാണ്. നബാർഡിൽ നിന്നും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി എടുക്കുന്ന വായ്പയുടെ പലിശ പൊതു വിപണി നിരക്കുകളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലിനനുസരിച്ച് വ്യത്യാസപ്പെടുന്നതായിരിക്കും. വിവിധ സ്കീമുകൾക്കുള്ള നിലവിലെ പലിശനിരക്ക് ചുവടെ ചേർക്കുന്നു. സ്കീം നിലവിലെ പലിശ നിരക്ക് Rural Infrastructure Development Fund (RIDF) 2.75% Warehouse Infrastructure Fund (WIF) 2.75% Food Processing Fund (FPF) 2.75% Nabard Infrastructure Development Assistance (NIDA) 9.25% നബാർഡിൽ നിന്നും കടമെടുക്കുന്ന തുകയ്ക്ക് 2 വർഷം മൊറട്ടോറിയം കാലയളവ് ഉൾപ്പെടെ ആകെ തിരിച്ചടവ് കാലയളവ് കടമെടുത്ത തീയതി മുതൽ 7 വർഷമാണ്. പ്രസ്തുത വായ്പയുടെ മുതൽ (Principal Amount) 2 വർഷത്തെ സമാശ്വാസ കാലയളവ് കഴിഞ്ഞ് 5 തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതും റിലീസ് ചെയ്യുന്ന ഓരോ തുകയ്ക്കുമുള്ള പലിശ അടുത്ത മാസം 1-ാം തീയതി മുതൽ കണക്കാക്കി 7 വർഷക്കാലയളവിൽ ത്രൈമാസ ഗഡുക്കളായും തിരിച്ചടയ്ക്കേണ്ടതാണ്. |
| (സി) | സംസ്ഥാനം നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ; | (സി) | സംസ്ഥാനം നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും വായ്പാ തിരിച്ചടവ് കാലാവധിയും പലിശനിരക്കുകൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ വായ്പകളുടെയും ധനസഹായങ്ങളുടെയും തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പലിശനിരക്കും തിരിച്ചടവ് കാലാവധിയും എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനം നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും വായ്പാ തിരിച്ചടവ് കാലാവധിയും പലിശനിരക്കുകൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | കിഫ്ബി മുഖേന നാളിതുവരെ സമാഹരിച്ചിട്ടുള്ള | (ഇ) | കിഫ്ബി മുഖേന നാളിതുവരെ സമാഹരിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | പണത്തിന്റെ പലിശയായി എത്ര തുകയാണ് നാളിതുവരെ തിരിച്ചടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | പണത്തിന്റെ പലിശയായി നാളിതുവരെ തിരിച്ചടച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) സാമ്പത്തിക വർഷം പലിശയായി തിരിച്ചടച്ച തുക 2017-18 2.65 2018-19 16.13 2019-20 362.28 2020-21 481.07 2021-22 (16.03.2022 വരെ) 572.28 ആകെ 1,434.41 |

സെക്ഷൻ ഓഫീസർ

| KIIFB - FUND MOBILIZATION DETAILS (Details as on 16.03.2022) | | | | | |
|---|---|---|---|---|---|
| Debt Type | Bank | Financial Year | Amount Sanctioned (INR Cr) | Prevailing Interest Rate ( %) | Tenure |
| Term Loan | NABARD- NIDA (Tranche 1) | 2017-18 | 565.00 | 8.8% & 9% | 12 Years including 2 years moratorium |
| Term Loan | State Bank of India | 2018-19 | 1,000.00 | 7.70% | 10 Years including 2 years moratorium |
| Term Loan | Indian Bank (Tranche 1) | 2018-19 | 500.00 | 7.70% | 12 Years including 2 years moratorium |
| Term Loan | Union Bank of India | 2018-19 | 500.00 | 7.45% | 10 Years including 2 years moratorium |
| Bond | Masala Bond | 2018-19 | 2,150.00 | 9.72% | 5 years |
| Term Loan | Syndicate Bank (Canara) | 2019-20 | 200.00 | 7.55% | 12 Years including 2 years moratorium |
| Term Loan | Corporation Bank (UBI) | 2019-20 | 250.00 | 7.50% | 12 Years including 2 years moratorium |
| Bond | Bonds to KSFE Ltd | 2018-19 | 641.99 | Based on interest rates of Govt Treasury | Ranging from 3 years to 6 Years |
| Loan | Pravasi Dividend Scheme | 2019-20 | 282.82 | 8.3%-9% | NA (Subject to conditions of the scheme) |
| Term Loan | NABARD- NIDA (Tranche 2) | 2021-22 | 1,061.73 | 7.90% | 15 Years including 2 years moratorium |
| Term Loan | REC Ltd | 2021-22 | 2,268.27 | 8.80% | 7 Years including 2 Year moratorium |
| Term Loan | Bank of Baroda (Tranche 1) | 2021-22 | 750.00 | 7.55% | 10 Years including 2 years moratorium |
| Term Loan | Indian Bank (Tranche 2) | 2021-22 | 500.00 | 7.50% | 12 Years including 2 years moratorium |
| Term Loan | Bank of Maharashtra | 2021-22 | 1,000.00 | 7.50% | 12 Years including 2 years moratorium |
| Term Loan | Bank of Baroda (Tranche 2) | 2021-22 | 1,250.00 | 7.55% | 10 Years including 2 years moratorium |
| Term Loan | Bank of India | 2021-22 | 700.00 | 7.45% | 10 Years including 2 years moratorium |
| Term Loan | Canara Bank | 2021-22 | 500.00 | 7.45% | 10 Years including 2 years moratorium |
| | TOTAL | | 14,119.81 | | |

Ravi.N